**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,**
**തിരുവനന്തപുരം.**

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**<u>എച്ച്.ആർ.എം.പി.നമ്പർ : 5328/11/12/2024/റ്റി.വി.എം.</u>**

ഹർജിക്കാരൻ : മാവിള വിജയൻ, നിർമ്മൽ നിവാസ്,
മണമ്പൂർ.പി.ഒ, വർക്കല, തിരുവനന്തപുരം.

എതിർകക്ഷി :

**<u>ഉത്തരവ് തിയതി : 2025 ഫെബ്രുവരി മാസം 04</u>**

1. മണമ്പൂർ ഗ്രാമ പഞ്ചായത്തിൽ 96 ആശ്രയ കുടുംബങ്ങൾ ഉണ്ടെന്നും അവർക്ക് സൗജന്യമായി എല്ലാ മാസവും വിതരണം ചെയ്തുവന്നിരുന്ന ഭക്ഷ്യ സാധനങ്ങൾ നിർത്തലാക്കിയെന്നും അവശ വിഭാഗത്തിൽപ്പെട്ടവരും രോഗികളുമായ ടി കുടുംബങ്ങൾക്ക് നൽകി വന്നിരുന്ന ഈ ആനുകൂല്യം പുനരാരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നുമാണ് ഹർജ്ജിയിലെ ആവശ്യം. പരാതി വിഷയത്തിൽ മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 29/8/2024 തിയതിയിലെ റിപ്പോർട്ട് പരിശോധിക്കുകയും കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരനെ നേരിൽ കേൾക്കുകയും ചെയ്ത കമ്മീഷൻ കുടുംബശ്രീ മിഷൻ ഡയറക്ടറോട് റിപ്പോർട്ടും മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് അഡീഷണൽ റിപ്പോർട്ടുംസമർപ്പിക്കാൻ 7-11-2024-ന് ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചു. ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് കുടുംബശ്രീ ഡയറക്ടർ 23/12/2024 തിയതിയിലെയും മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 10/1/2025 തിയതിയിലെയും റിപ്പോർട്ട് സമർപ്പിച്ചു. മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ പ്രതിനിധീകരിച്ച് അസിസ്റ്റൻറ് സെക്രട്ടറി ശ്രീ എസ്.ആർ.സനുവും കുടുംബശ്രീ ഡയറക്ടറുടെ പ്രതിനിധിയായി സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ശ്രീ അരുൺ.പി.രാജനും കമ്മീഷൻ മുമ്പാകെ ഇന്ന് നേരിട്ട് ഹാജരായി. പരാതിക്കാരനും ഹാജരായി..

2. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം കുടുംബശ്രീ മിഷൻെറ ചലഞ്ച് ഫണ്ട് സ്വീകരിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വന്നിരുന്ന 'അഗതിരഹിത കേരളം' പദ്ധതിയിൽ 96 കുടുംബങ്ങൾക്ക് 36 മാസത്തേക്ക് ഭക്ഷ്യ ധാന്യ കിറ്റുകൾ നൽകുന്നതിന് കുടുംബശ്രീ മിഷൻ'ചലഞ്ച് ഫണ്ട് നൽകിയിട്ടുള്ളതാണെന്നും പദ്ധതി

ദീർഘിപ്പിച്ചു സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്കും കുടുംബശ്രീ മിഷൻ ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്കും അഗതി രഹിത കേരളം പദ്ധതി തുടർന്നും നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത് സന്നദ്ധമാണെന്നും പഞ്ചായത്തിന്റെ 10/1/2025 തിയതിയിലെ റിപ്പോർട്ടിൽ പറയുന്നു. അഗതി രഹിത കേരളം പദ്ധതിയിൽ നിന്നും വ്യത്യസ്തമാണ് 'പാഥേയം' പദ്ധതിയെന്നും 60 വയസിനു മുകളിലുള്ളവരും ഒരുനേരത്തെ ആഹാരത്തിന് വകയില്ലാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ പാചകം ചെയ്ത ആഹാരം കൊടുക്കുന്ന പദ്ധതിയാണ് പാഥേയമെന്നും ഗ്രാമ പഞ്ചായത്ത് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്താണ് പദ്ധതി നിർവ്വഹണം നടത്തുന്നതെന്നും ടി പദ്ധതി പ്രകാരം 37 ഗുണഭോക്താക്കൾക്ക് ഒരു നേരത്തെ പാചകം ചെയ്ത ഭക്ഷണം പഞ്ചായത്ത് നൽകി വരുന്നുണ്ടെന്നും അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ പാഥേയം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നും റിപ്പോർട്ടിൽ തുടർന്ന് പറയുന്നു. അഗതിരഹിത കേരളം പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് അതിദരിദ്രരെ കണ്ടെത്തി അവർക്ക് ആവശ്യമായ ജീവനോപാധികളും മരുന്ന്, ഭവനം, ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം എന്നിവ മൈക്രോപ്ലാനുകൾ പ്രകാരം നൽകി വരുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്നാംഗഡു ചലഞ്ച് ഫണ്ട് ആവശ്യകത കൃത്യമായി മനസ്സിലാക്കി ആയത് അപേക്ഷിക്കാനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ജില്ലാ മിഷൻ വഴി നൽകാവുന്നതാണെന്നാണ് കുടുംബശ്രീ ഡയറക്ടറുടെ 23-12-2024-ലെ റിപ്പോർട്ട്.

3. വളരെയധികം അവശത അനുഭവിക്കുന്ന താഴെപ്പറയുന്ന മൂന്നു കുടുംബങ്ങളെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകേണ്ടത് അത്യാവശ്യമാണെന്ന് ഹർജിക്കാരൻ അറിയിച്ചു.:

1. ശ്രീമതി അനിത, മുളയിൽക്കോണം,
   നീറുവിള, മണമ്പൂർ.പി.ഒ, തിരുവനന്തപുരം.

2) ശ്രീമതി. സരസു, മുളയിൽക്കോണം, നീറുവിള,
   മണമ്പൂർ.പി.ഒ, തിരുവനന്തപുരം.

3) തങ്കമ്മ, പാലുവിള വീട്, നീറുവിള,
   മണമ്പൂർ.പി.ഒ, തിരുവനന്തപുരം.

4. ഇവരെല്ലാവരും മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്നും ടിയാൻ പറഞ്ഞു. മൂന്നാം ഗഡു ലഭിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞവർക്ക് അടിയന്തിര സഹായം ചെയ്തുകൊടുക്കുന്നതാണെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

5. അഗതി രഹിത കേരളം (Destitute Free Kerala) എന്ന പദ്ധതിയിൽ രണ്ടു ഗഡു തുക മണമ്പൂർ ഗ്രാമ പഞ്ചായത്തിന് കൊടുത്തെന്നും എന്നാൽ ഒന്നാം ഗഡുവിലെ utilisation certificate മാത്രമാണ് കുടുംബശ്രീക്ക് പഞ്ചായത്ത് നൽകിയിട്ടുള്ളതെന്നും രണ്ടാം ഗഡുവിൻെറ utilisation certificate-ഉം മൂന്നാം ഗഡുവിനുള്ള request-ഉം ലഭിച്ചാൽ ഉടനെ മൂന്നാം ഗഡു പണം അനുവദിക്കുന്നതാണെന്നും കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അറിയിച്ചു. രണ്ടാം ഗഡു utilisation certificate-ഉം മൂന്നാം ഗഡുവിൻെറ request-ഉം ഉടൻ കുടുംബശ്രീക്ക് കൈമാറുന്നതാണെന്ന് പഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറിയും ബോധിപ്പിച്ചു. പഞ്ചായത്തിൽ നിന്നും utilisation certificate..ഉം request-ഉം ലഭിക്കുന്ന മുറയ്ക്ക് കുടുംബശ്രീ മൂന്നാം ഗഡു പഞ്ചായത്തിന് വിതരണം ചെയ്യണം. ആ തുക കിട്ടിയാലുടൻ പഞ്ചായത്ത് സെക്രട്ടറി കാലതാമസം കൂടാതെ beneficiaries- ന് ആനുകൂല്യങ്ങൾ ലഭ്യമാക്കണം..

6. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു. ഹർജ്ജിക്കാരനും മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും കുടുംബശ്രീ മിഷൻ ഡയറക്ടർക്കും ഈ ഉത്തരവിൻെറ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/